**തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി**

78 [260] *ശ്രീ. കെ. മോഹനൻ കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ഭാഗമായി നിലവിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) നടപ്പു പദ്ധതികളിൽ ഏതെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണ്;

(സി) പട്ടം-ഉള്ളൂർ തോടുകളുടെ ആഴം വർദ്ധിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ഡി) തിരുവനന്തപുരം നഗരത്തിലെ കടകംപള്ളി വില്ലേജിൽ കണ്ണാമൂല തോടിൽ മേജർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത ഇടത്തറ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് അറിയിക്കാമോ;

(ഇ) നഗരത്തിലെ വലിയവിള വാർഡിൽ കല്ലാപ്പൊറ്റ ഭാഗത്ത് കരമനയാറിന്റെ കിഴക്കുഭാഗത്ത് ആറാട്ടുകടവ് സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാണെന്നറിയിക്കാമോ;

(എഫ്) ഈ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയത് എന്നായിരുന്നു;

(ജി) മേജർ ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയ നഗരത്തിലെ ഗൗരീശപട്ടം വാർഡിലെ കുഴിവയൽ ഭാഗം സംരക്ഷണം, മെഡിക്കൽ കോളേജ്, കേശവദാസപുരം വാർഡുകളെ ബന്ധിപ്പിക്കുന്ന പെരിയപാലം നിർമ്മാണം എന്നിവ കഴിയുംവേഗം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) മേൽ സൂചിപ്പിച്ച പ്രവർത്തികൾ കേരള സർക്കാരിന്റെ അതിവേഗം ബഹുദൂരം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന തിരുവനന്തപുരം നോർത്ത് എം. എൽ. എ. യുടെ നിവേദനത്തിൽ എന്തെല്ലാം നടപടികളായിട്ടുണ്ടെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (i) ബോക്കറി ജംഗ്ഷൻ മുതൽ കണ്ണമ്മൂല വരെയുള്ള ഭാഗത്തെ പഴവങ്ങാടി തോട്ടിലെ ചെളിയും മറ്റു തടസ്സങ്ങളും നീക്കം ചെയ്ത് ആഴം കൂട്ടുക, തമ്പാനൂർ ഭാഗത്തെ ഓടകൾ വൃത്തിയാക്കുക എന്നീ പ്രവൃത്തികൾ നടന്നുവരുന്നു.

(ii) പഴവങ്ങാടി കലുങ്ക്, തകരപ്പറമ്പ് കലുങ്ക് എന്നീ ഭാഗങ്ങളിലെ ചെളി നീക്കം ചെയ്ത് ഇതിൽ കൂടി വർഷകാലത്തുണ്ടാകുന്ന ജലനിർഗ്ഗമനം സുഗമമാക്കുക.

(iii) റെയിൽവേയുടെ അടിയിൽക്കൂടിയുള്ള കലുങ്കിന്റെ ഉള്ളിലെ ചെളിയും മറ്റു തടസ്സങ്ങളും നീക്കം ചെയ്യുന്ന ജോലി പുരോഗമിക്കുന്നു.

(iv) കരമനയാറിലും കിള്ളിയാറിലും ബണ്ടുകളുടെ നിർമ്മാണം.

(v) T. S. കനാലിന്റെ വേളി മുതൽ കോവളം വരെയുള്ള ഭാഗത്തിന്റെ നവീകരണത്തിനായി 362.22 ലക്ഷം രൂപയുടെ പദ്ധതിക്ക് 90% കേന്ദ്ര ഗ്രാന്റായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി തലസ്ഥാന നഗര വികവികസന പദ്ധതിയിൽപ്പെടുത്തി സംസ്ഥാന വിഹിതമായ 10% തുക കണ്ടെത്തി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇല്ല.

(സി) ഇല്ല. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന് വേണ്ടി പ്ലാമൂട് പാലത്തിന് താഴ്ഭാഗം മുതൽ ഉള്ളൂർ തോടുവരെയുള്ള പട്ടം തോടിന്റെ ആഴം കൂട്ടുന്നതിനും വശങ്ങളുടെ സംരക്ഷണത്തിനും വേണ്ടി 38.10 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കഴിഞ്ഞിട്ടില്ല.

(ഇ) & (എഫ്) ഈ പദ്ധതിയുടെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ഏറ്റെടുത്ത് നടത്തുന്നതാണ്.

(എച്ച്) കരമന, കിള്ളിയാർ, പാർവ്വതീപുത്തനാർ കനാലുകളുടെ പുനരുദ്ധാരണം അതിവേഗം ബഹുദൂരം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly